പ്രസ്തുത കമ്പനി ഹൈക്കോടതി മുമ്പാകെ കരാർ റദ്ദാക്കപ്പെടാതിരിക്കുന്നതിലേയ്ക്കായി കേസ്സ് ഫയൽ ചെയ്യുകയും ബോർഡിന്റെ റദ്ദാക്കൽ ഉത്തരവിനെതിരെ വിധി തേടുകയും ചെയ്തിട്ടുണ്ട്. ബോർഡ് ഈ വിധിയ്ക്കെതിരായി ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ തീരുമാനം അനുസരിച്ചുമാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

(സി) പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേസ് ഇപ്പോൾ ഹൈക്കോടതിയുടെ മുമ്പാകെയാണ്. കോടതി വിധിക്കനുസരിച്ചുമാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ നിർവാഹമുള്ളൂ.

136 (1680) വൈദ്യുതി ബോർഡിലെ കൺസൾട്ടന്റുമാർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ്ജ്. ജെ. മാത്യു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ബി) ഇവർക്ക് നൽകുന്ന കൺസൾട്ടൻസി ഫീസ് എത്രയാണ്; മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നുണ്ട്;

(സി) കൺസൾട്ടന്റുമാരായി പ്രവർത്തിക്കുന്നവർ ആരെല്ലാമെന്നും ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പരിചയം മറ്റ് യോഗ്യത എന്നിവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിലെ ഏതെങ്കിലും കൺസൾട്ടന്റുമാർക്ക് ബോർഡിലെ ഏതെങ്കിലും വർക്കിന്റെ കോൺട്രാക്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുകയെത്രയാണ്;

(ഇ) ഈ വർക്ക് അവർക്ക് നൽകിയിട്ടുള്ളത് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണോ;

(എഫ്) എങ്കിൽ ഈ വർക്ക് സംബന്ധിച്ച ടെണ്ടറിൽ ആരെല്ലാം ടെണ്ടർ നൽകിയെന്നും ഓരോരുത്തരും കാട്ട് ചെയ്ത തുകയെത്ര എന്നും പറയുമോ?

ഉത്തരം

(എ)-(സി) ഉണ്ട്.

താഴെപ്പറയുന്നവരെയാണ് കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുള്ളത്:

		നിയമിച്ച തീയതി
1.	ഫിഷ്നർ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് (ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ്, മദ്രാസ്	28.5.1994
2.	എൻ.ടി.പി.സി	19.11.1997

LIBRARY ARCHIVES Kerala Legislative Assembly

3.	ഡെവലപ്മെന്റ് കൺസൾട്ടന്റ് ലിമിറ്റഡ്, കൽക്കത്ത	-	30.9.1997
4.	ശ്രീ. ബാബു നാരായണൻ	-	8.9.1997
5.	ഹംഗ്ഷ്യൂ ഇന്റർനാഷണൽ സെന്റർ ഓൺ സ്മാൾ ഹൈഡ്രോ പവർ	-	3.10.1998
6.	ക്രിസിൽ, ബോംബെ	-	13.8.1998
7.	ശ്രീ. എസ്. ഗോപാലകൃഷ്ണപിള്ള	-	25.11.1993
8.	എസ്.എൻ.സി. ലാവലിൻ (കുറ്റ്യാടി എക്സ്റ്റെൻഷൻ)	-	29.5.1995
9.	എസ്.എൻ.സി ലാവലിൻ (പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നവീകരണം)	-	24.2.1996
10.	ഇ.ഐ.എസ്.പി	-	സിഡയുടെ കൺസൾട്ടന്റ്

LIBRARY ARCHIVES Kerala Legislative Assembly